"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസ് ബി.എസ്.എൻ.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.780/2025/TAXES തീയതി,തിരുവനന്തപുരം, 25-08-2025

പരാമർശം:-

1. ബി.എസ്.എൻ.എൽ. സീനിയർ ജനറൽ മാനേജർ (എൽ&ബി)-യുടെ 02.02.2024 ലെ KRLCO-14/14(11)/3/2022-CIVIL നമ്പർ കത്ത്
2.. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 08/03/2024, 18/04/2024, 13/06/2025 എന്നീ തീയതികളിലെ SLTY/4039/2023-MOD INFRA1 SL നമ്പർ കത്ത്
3.. 27.02.2025-ലെ സ.ഉ.(സാധാ) നം.177/2025/ടാക്സസ്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകൾ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്ക് മുകൾ നിലകളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ താഴത്തെ നിലകളിലേക്ക് മാറ്റുകയും ഭിന്നശേഷി സൗഹൃദമാക്കുകയും ചെയ്യുക എന്ന നയത്തിന്റെ ഭാഗമായി ജില്ലാ-സബ് ഓഫീസുകൾ ഉൾപ്പെടെ 21 ഭാഗ്യക്കുറി ഓഫീസുകൾ അനുയോജ്യമായ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നല്കിയിരുന്നു.

2. തുടർന്ന്, കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി BSNL-ന്റെ ഉടമസ്ഥതയിലുള്ള 2250 ചതുരശ്ര അടി കെട്ടിടത്തിന്റെ താഴത്തെ നിലയിലെ 1490 ചതുരശ്ര അടി കെട്ടിട ഭാഗം ചതുരശ്ര അടിക്ക് ₹40/- (ചരക്ക് സേവന നികുതി ഒഴികെ) നിരക്കിലും, മുകളിലത്തെ നിലയിലെ 760 ചതുരശ്ര അടി കെട്ടിട ഭാഗം ചതുരശ്ര അടിക്ക് ₹35/- (ചരക്ക് സേവന നികുതി ഒഴികെ) നിരക്കിലും വാടകയ്ക്ക് എടുക്കുന്നതിനും, ഓരോ വർഷവും 5% വാടക വർദ്ധനവ് വരുത്തുന്നതിനും ഭരണാനുമതി നല്കണമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ വ്യവസ്ഥകളുടെ

അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് BSNL-ന്റെ ഉടമസ്ഥതയിലുള്ള 2250 ചതുരശ്ര അടി കെട്ടിടത്തിന്റെ താഴത്തെ നിലയിലെ 1490 ചതുരശ്ര അടി കെട്ടിട ഭാഗം ചതുരശ്ര അടിക്ക് ₹40/- (ചരക്ക് സേവന നികുതി ഒഴികെ) നിരക്കിലും, മുകളിലത്തെ നിലയിലെ 760 ചതുരശ്ര അടി കെട്ടിട ഭാഗം ചതുരശ്ര അടിക്ക് ₹35/- (ചരക്ക് സേവന നികുതി ഒഴികെ) നിരക്കിലും വാടകയ്ക്ക് എടുക്കുന്നതിനും, മൂന്ന് വർഷത്തിലൊരിക്കൽ 15% നിരക്കിൽ വാടക വർദ്ധനവ് വരുത്തുന്നതിനും ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (28.07.2025-ലെ [E:3077653] EXP-B1/140/2025-FIN പ്രകാരം)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/95/2024-TAXES)

Signed by
ഉത്തരവിൻ പ്രകാരം
Babu G
Date: 27-08-2025 10:54:35
സെക്ഷൻ ഓഫീസർ